

# BEYOND

*The digi mag*

LITTLE KITEs,GMHS RAROTH 2018-19



*By Education I mean an all round drawing out of the best in child and man- body, mind and spirit. Literacy neither the beginning nor the end of eduction. This is only a means through which man or woman can be educated*

**Gandhiji**




| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഹേമലത ടീച്ചർ (ഹെഡ്മിസ്ട്രസ്സ്) |
| സ്റ്റാഫ് എഡിറ്റർ | : | മുഹമ്മദ് ബഷീർ സി.കെ (കൈറ്റ് മാസ്റ്റർ) |
| സ്റ്റുഡന്റ്എഡിറ്റർ | : | സഊദ് റുവൈസ് കെ.പി |
| ഡി.ടി.പി | : | മുഹമ്മദ് നിയാസ്,മുഹമ്മദ് സിനാൻ, നാജിയാ നസ്റിൻ സി.വി |
| കവർ ഡിസൈനിംഗ് | : | മുഹമ്മദ് പി.കെ. മുഹമ്മദ് അലി. |

# സന്ദേശം



അബ്ദുസ്സലീം പി.കെ
പി. ടി.എ പ്രസിഡന്റ്

രാരേത്ത് ഗവ: മാപ്പിള ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന "Beyond" ഡിജിറ്റൽ മാഗസിൻ കാലിക പ്രശസ്തിയുള്ള ഒരു നാമദേയം വളർച്ചയുടെ പാന്താവിൽ തടസ്സങ്ങളെ തുമില്ലെങ്കിൽ അതിരുകളില്ലാത്ത ഉയരങ്ങളിലായിരിക്കും നമ്മുടെ കുട്ടികൾ എത്തി പ്പെടുക. കുട്ടികൾ നിഷ്കളങ്കരാണ് അനർ സ്വതന്ത്രമായി വളരട്ടെ കണ്ടും, കേട്ടും, എഴുതിയും, വായിച്ചും. വളരാനുള്ള സാഹജര്യം ഇത് പോലുള്ള സന്ദർഭങ്ങൾ വഴി അവർക്ക് നാം ഒരുക്കി കൊടുക്കുക.ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

# ആശംസകൾ



ജി.എം.എച്ച് രാരോത്തിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ
ഒരു എളിയ സംരഭമ-
ണ് **'Beyond'**. ഭൗതിക സാഹചര്യങ്ങളുടെ
അപര്യാപ്തതയും മറ്റു പ്രയാസങ്ങളും
നേരിട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്
അംഗങ്ങൾക്ക് പരിമിത
മായ സൗകര്യങ്ങളിൽ മാത്രമേ അവരുടെ പരിശീലന പ്രവർത്തനങ്ങൾ നടത്താൻ
കഴിഞ്ഞിട്ടുള്ളൂ. അതിന്റെ പോരായ്മകൾ ഈ മാഗസിനിൽ
പ്രതിഫലിക്കുന്നുണ്ടാകാം. എങ്കിലും ഈ പരിമിതികളെയെല്ലാം മറികടന്ന്
മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൽ തയ്യാറാക്കാൻ ഈ കൂട്ടായ്മക്ക് കഴിഞ്ഞു.
വിവര വിനിമയ സാങ്കേതിക വിദ്യയുടെ പുതിയലോകങ്ങളിലേക്ക്
ഉയരങ്ങളിലേക്ക് എത്താൻ നമ്മുടെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് കഴിയട്ടെ എന്ന
ആശംസകളോടെ

ഷാന്റി കെ.എസ്

കൈറ്റ് മിസ്ട്രസ്

# ഗിരിശൃംഗത്തിലെ അസ്തമയം

**ബഷീർ കൈപ്പാട്ട്**



രാവേറെ ചെന്നാണ് ഞാൻ ദില്ലിയിലെത്തിയത്.റയിൽവെസ്റ്റേഷനിൽ രാത്രി കഴിച്ചുകൂട്ടി.

ഇന്നലെ അപ്രതീക്ഷിതമായാണ് ആ കുടുംബത്തെ കണ്ടുമുട്ടിയത്. ബദരിനാഥിലേക്കുള്ള യാത്രക്കിടയിൽ വഴി ചോദിക്കാൻ കയറിയതാണ് ആ കുടിലിൽ. ദാരിദ്ര്യംകൂടിപാർക്കുന്ന ആ കുടുംബത്തിന്റെ നാഥൻ ജമീന്ദാറുടെ തോട്ടം തൊഴിലാളിയാണ്.ജമീന്ദാറുടെ പാരുഷ്യവും ക്രൗര്യവും ആ തൊഴിലാളിയെ കൂടുതൽ സൗമ്യനാക്കിയതേയുള്ളൂ.

അയാളുടെ മൂത്തമകൻ,പതിനാലുകാരൻ,തൊഴിൽ തേടി ദില്ലിയിൽ വന്നിട്ട് ഒന്നര വർഷമായി.ഒരുവിവരവുമില്ല.

ഞാൽ ദില്ലിയിലാണെന്ന് അറിഞ്ഞപ്പോൾ അവന്ന് കൊടുക്കാൻ ഒരു കത്ത് അയാൾ തന്ന് വിട്ടിരിക്കുകയാണ്. അവന്റെ സഹോദരി സിംല, ചേട്ടനെ പിരിഞ്ഞു വിശമിച്ചിരിക്കുന്നു.

ചേട്ടന്ന്കൊടുക്കാൻ സിംല തന്ന് വിട്ട വെള്ളാരം കല്ലുകൾ ബാഗിൽ കിടന്ന് പിടഞ്ഞു.അവ ആ കൂടപ്പിറപ്പുകൾക്കിടയിലെ സ്നേഹ ബന്ധത്തിന്റെ പ്രതീകമാണ്.

റെയിൽവേ സ്റ്റേഷനിലെ പുലർ കാലം അത്ര സുഖമുള്ളതല്ല.ഞാൻ കവലയിൽ

ഇറങ്ങി മുന്നോട്ടുനടന്നു.

പയ്യന്റെ വിലാസമെഴുതിയ ഒരു തുണ്ടു കടലാസ് ബാഗിലിരിപ്പുണ്ട്.അത് ഒരിക്കൽ കൂടി പുറത്തെടുത്ത്പരിശോധിച്ചു.ദില്ലിയിൽ ഇതുവരെ കേട്ടിട്ടില്ലാത്ത ഒരിടമാണത്. വഴിയരികിൽ പാൻ മസാല വിൽക്കുന്ന കൂനുള്ള സ്ത്രീയോട് വഴിയന്വേഷിച്ചത് ശരിയായില്ലെന്ന് അവരുടെ മുഖഭാവം കണ്ടപ്പോൾ മനസ്സിലായി.നഷ്ടപ്രതാപത്തോടെ തലകുമ്പിട്ടിരിക്കുന്ന ഇടിഞ്ഞു പൊളിഞ്ഞ ഒരു ക്ഷേത്രത്തിന്റെകവാടത്തിന്നരികിൽ ഒരു മധ്യവയസ്കൻ ചുരുട്ടുവലിക്കുന്നുണ്ടായിരുന്നു.

വഴി ചോദിച്ചപ്പോൾത്തന്നെ അയാൾ ആവേശത്തോടെ സംസാരിച്ചു തുടങ്ങി. ദില്ലിയുടെ മുക്കുമൂലകൾ മനപാഠമാക്കിയ ഒരു മനുഷ്യൻ.

വഴിയറിഞ്ഞു, ഞാൻ നടന്നു തുടങ്ങി.

ഇരുമ്പു ഗേറ്റ് തുറന്ന് ഒരു പഴയ കെട്ടിടത്തിന്റെ അകത്തുകയറി. മൂന്നാം നമ്പർ മുറിയുടെ വാതിൽക്കൽ ഞാൻ നിന്നു. പ്രഥമ ദർശനത്തിൽത്തന്നെ എനിക്ക്ആ പയ്യനെക്കുറിച്ചു മതിപ്പു തോന്നി. മീശ കിളിർത്തുവരുന്നതേയുള്ളൂ. നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന മുഖം!

വീട്ടിലെ വിശേഷങ്ങളറിയാൻ അവനു തിടുക്കം. സിംലയെക്കുറിച്ച് പറഞ്ഞുതുടങ്ങിയപ്പോൾ അവൻ വാചാലനായി. തന്നെക്കാൾരണ്ടു വയസ്സിന് ഇളപ്പമാണവൾ. സിംല തന്നു വിട്ട വെള്ളാരങ്കല്ലുകൾ ബാഗിൽ നിന്നു പുറത്തെടുത്ത് കൈമാറുമ്പോൾ അവന്റെ ഹൃദയം തുടികൊട്ടുന്നത് എനിക്കു കേൾക്കാമായിരുന്നു. കരുതിവച്ച കമ്പിളി പ്പുതപ്പ് സമ്മാനിച്ച ശേഷം ഞാൻ യാത്ര പറഞ്ഞിറങ്ങി.

വലിയ മോഹങ്ങളൊന്നും അവനില്ലായിരുന്നു . സാമാധാനമായി അന്തിയുറങ്ങാൻ ഇപ്പോയുള്ള കുടിലിന്റെ സ്ഥാനത്ത് ഒരു കുഞ്ഞു വീട് പണിയണം . സിംലയെ വിവാഹം ചെയ്തുയക്കണം. ഇത്രയൊക്കെയേ ഉള്ളൂ. കുറച്ചു പണമൊക്കെ ഇതിനകം സമ്പാദിച്ചു വച്ചിട്ടുണ്ട്. ഒരു മാസമെങ്കിലും അവധി കിട്ടിയാലേ നാട്ടിൽ പോയി വരാനൊക്കൂ.

കമ്പനി മുതലാളി കരുണവറ്റിയ മനുഷ്യനാണ്. എല്ലാ മാസവും അവധി ചോദിക്കും. ആരെങ്കിലും മരിച്ചാൽ ലീവ് തരുമത്രെ. എപ്പോഴും അയാൾ ക്രൂരമായി പരിഹസിക്കും.

മാസങ്ങൾ കടന്നു പോയിവർഷങ്ങളും....

അങ്ങനെ ശിശിര ക്കാലത്ത് മുതലാളി വിളിച്ച് താനൊന്നുപോയിട്ട് വാ, എന്നു പറഞ്ഞു.

സന്തോഷത്തിന് അതിരില്ലായിരുന്നു തുടിക്കുന്ന മനസ്സുമായി അവനിറങ്ങി. പപ്പായ്ക്കും മമ്മാക്കും വസ്ത്രങ്ങളും തുകൽ ചെരുപ്പുകളും  വാങ്ങി വച്ചു. സിംലക്ക് ഒരു സ്വർണ്ണക്കമ്മലും കുപ്പിവളകളും....

രണ്ട് രാപകലുകൾ നീണ്ടട്രെയിൻ യാത്ര. റയിൽവേ സ്റ്റേഷനിൽ നിന്ന് പിപ്പിൽകോട്ടിലേക്ക് ബസിൽ യാത്ര ചെയ്യുമ്പോൾ ഓർമകൾ വർഷങ്ങൾക്കപ്പുറത്തേക്ക് പാഞ്ഞു പോയി. സിംലയുമൊത്ത് പുൽമേട്ടിൽ ആടുമേച്ചു നടന്നത് അളകനന്ദയിൽ പപ്പായ്ക്കൊപ്പം താനും സിംലയും നീരാടിയത്, ബദ്രിനാദ് തീർത്താടകർക്ക് പൊരിയും പൂവും വിറ്റ് പണം സംമ്പാദിച്ചത് ... അങ്ങനെ പലതും .

സൂര്യബിംബം ഹിമശൃംഗങ്ങളിൽ തട്ടിഅസ്തമിക്കാൻഇനിഅധികനേരമില്ല. ബസ്സിറങ്ങി മെല്ലെ നടന്നു. പരിചിതമുഖങ്ങൾ കാണുന്നില്ല. നാലഞ്ചുകുടിലുകൾ മാത്രമുള്ള കുഞ്ഞുഗ്രാമമാണ് തന്റെത്. ദൂരെ നിന്നുതന്നെ ഗ്രാമത്തുടിപ്പുകൾ കണ്ടു തുടങ്ങി ധൃതി പിടിച്ച സന്ധ്യയുടെ ഊടു വഴിയിലൂടെ കുടിൽ ലക്ഷ്യമാക്കി നടന്നു.

കുടിലെവിടെ? എന്റെ കുടിലിരിക്കുന്നിടത്ത് ഒരു ചെറിയ കോൺക്രീറ്റ് വീട് പുത്തനൊരു വീട് ഈശ്വരാ.. എന്റെ കുടുംബം കുടിലൊഴിഞ്ഞു പോയോ!

പുതിയ താമസക്കാരോടു ചോദിക്കാമെന്നു കരുതി ഹേയ്, ഇവിടാരുമില്ലേ?

വെളുത്തു നീണ്ട ഒതുക്കിവക്കാത്ത താടി രോമങ്ങളുള്ള ഒരു വൃദ്ധൻ പുറത്തേക്കു വന്നു. ദൈന്യത നിഴലിട്ട കണ്ണുകൾ അയാൾ മുഖമുയർത്തി ആഗതനെ നോക്കി, എന്നിട്ട് പിടിവിട്ട് കരഞ്ഞു കൊണ്ടു വിളിച്ചു .എന്റെ പൊന്നു മോനേ....

ഞേ... എന്റെ അപ്പാവേ ...

അവൻ അച്ഛനെപുണർന്നു കരഞ്ഞു ഇതെന്തു പറ്റി അപ്പാ... എന്താണിങ്ങനെ? ഈ വീടെങ്ങനെ, ആരുണ്ടാക്കി അപ്പാ?.

പാതി തുറന്ന വാതിലിനു പിന്നിൽ അമ്മ: അമ്മാ.. സിംലയെവിടെ അമ്മാ?...

ചുളിവുകൾ വീണ മുഖമുയർത്തി പപ്പാ ചുമരിലേക്കു ചൂണ്ടി. അവിടെ സിംലയുടെ ചിരിക്കുന്ന മുഖം ചില്ലിട്ടു വച്ചിട്ടുണ്ടായിരുന്നു. അതിനു താഴെ ഒരുനാളവും!

അമ്മ പറഞ്ഞു: നമ്മൾ പാവങ്ങളാണു മക്കളേ... ജമീൻന്ദാർ കരുത്തുള്ളവരും....

അവൻ വാതിൽപ്പടിയിൽ ആർത്തലച്ചു വീണു....

# ചങ്ങാതി

കൃഷ്ണപ്രിയ.ഇ.കെ, 8A



നീലാകാശം കാറ്റിൻ കൈയിൽ

നീയും ഞാനും അങ്ങും ഇങ്ങും

നീലപ്പൂവും ചൂടികൊണ്ടങ്ങൂഞ്ഞാലാടുന്നേ....

നീ എൻ ഹൃദയക്കൂട്ടിൽ കൂടൊരുക്കീലേ

അതിലൊരു കുഞ്ഞിക്കിളിയായി

നമ്മൾ ചങ്ങാതികളായീ...

പാട്ടും പാടി കൂട്ടും കൂടി ഒന്നിച്ച്

നാം ഓടി നടന്നു

ഓടിച്ചാടി കളികൾ പറഞ്ഞും കൂടെ

പോയില്ലേ

വാർമ്മഴവില്ലും നോക്കികൊണ്ട് കുഞ്ഞാറ്റക്കിളി

പോകുന്നേരം കൂട്ടിൽ നിന്നും

കുഞ്ഞിക്കിളിയോ തേങ്ങിച്ചെല്ലുന്നേ

ഞാനിന്നൊറ്റയ്ക്കായിലേ...

ഓ...ഒ...


# പ്രളയം ഒരു ഓർമ്മ











# The Song Of Nature

ANANYA.P.K,VIII A

*Above the small stream*
*The bird you are*
*enjoying the nature beauty*
*it's a beautiful*
*Oh my bird,what a prosperity*
*to enjoy nature is removal*
*Oh my bird*
*you can fly with your wings*
*you can stand with your legs*
*you can eat with your beats*
*And more ability*
*what a prosperity thing you are*
*Oh my bird,how lucky you are*
*you are the most ability  bird*
*that other birds*
*what alovely birds you are*
*A beautiful in nature.*

# കനമില്ലാത്ത കവിതകൾ അഥവാ കഥകൾ



**ജയരാജ്**

**ഒന്ന്.**

**തന്റേതല്ലാത്ത കാരണത്താൽ**

നവഗ്രഹങ്ങൾ മരപ്പലകയിൽ നിരത്തി പറഞ്ഞ പ്രകാരം

അവൾ തെക്കു നിന്ന് ഒരാളെ കാത്തിരുന്നു

നവഗ്രഹങ്ങൾ അഷ്ടഗ്രഹങ്ങളായി

ഉച്ചിയിൽ വെള്ള കീറി...

അനിയത്തി പിൻവാതിൽ കടന്ന്

വാഴത്തോപ്പ് താണ്ടി....

ഒറ്റയായിപ്പോയ അവളോട്

ചൊവ്വക്കും ശനിക്കും ഒന്നും പറയുവാനുണ്ടായിരുന്നില്ല

**രണ്ട്.**

**നിസ്സഹായൻ അല്ലെങ്കിൽ അരക്ഷിതൻ**

പടി കയറുന്നതും നോക്കി കർമ്മം കാത്ത് ഒരു കൂട്ടർ

പടി കയറ്റാതിരിക്കാൻ മറ്റൊരു കൂട്ടർ

തടി കേടാകുന്നതും ഭയന്ന്

പാവമിരിപ്പുണ്ട് പടിക്ക് മുകളിൽ

## മൂന്ന്.

## <u>വയലിൻ സ്വപ്നം കണ്ടവൻ</u>

വയലിൻ കെട്ടിപ്പിടിച്ച നടക്കുന്ന അവന്റെ അച്ഛൻ പറഞ്ഞു എഞ്ചിനീയറാകണമെന്ന്.

വിട്ടുവീഴ്ച്ചയില്ലാതെ അമ്മ പറഞ്ഞു : ഡോക്ക്ടറാകണമെന്ന്....

പൊടിമീശക്കാലം കഴിഞ്ഞ അവൻ നിലയുറക്കാത്ത കാലിൽ

രാവിൽ വരും...കുമിഞ്ഞു കൂടിയ സപ്ലിമെന്ററി മാർക്ക്ല്ലിസ്റ്റുകൾക്കും

കമ്പികൾ പൊട്ടിത്തുരുമ്പിച്ച വയലിനും മീതെ കമിഴ്ന്ന് വീണ്ടുമുറങ്ങാൻ..

## നാല്.

## <u>വിശപ്പകന്നാൽ</u>

ഒന്നാം ക്ലാസ്സ് രജിസ്റ്ററിലാണ് അച്ഛനയാൾക്ക് മതവും ജാതിയും

നൽകിയത്. കലാലയംരാഷ്ട്രീയബോധത്തിന്റെ മുളപൊട്ടിച്ചു.

യൗവനം അതിനെ ആളിക്കത്തിച്ചു. പിന്നീട് മതം,ജാതി, ആചാരം... രക്തം തിളച്ചു .

പ്രളയമാണ് വിശപ്പിനെ കൊണ്ടുവന്നത്. വിശപ്പിനെന്ത് മതം,ജാതി,ആചാരം... എല്ലാം

പടിയിറങ്ങി.

നാൾ പോയ വഴിയെ പ്രളയത്തിന്റെ കൂടെ വിശപ്പും യാത്ര പറഞ്ഞിറങ്ങിയപ്പോൾ...

പതുക്കെപ്പതുക്കെ പടിയിറങ്ങിപ്പോയവർ തിരിച്ചു വന്നു.

## അഞ്ച്

## പ്രാരാബ്ധക്കാരന്റെ പ്രണയം



പ്രണയമായിരുന്നു അവൾക്കെന്നോട്...

അതോടെ അസ്ഥികൾ പൂക്കുന്ന പ്രണയം എനിക്കും..

ഒരിക്കൽ കൂടിയാക്കോളേജിന്റെ ഇടനാഴിയിലൂടെ

ഞാൻ നടന്നു .


കൂട്ടിനുള്ളത് കാലം തലയിൽ വിളയിച്ച

വെളുത്ത കതിരുകളും പ്രാരാബ്ധങ്ങളും.പിന്നെ..

തേച്ചിട്ടുപ്പോയ അവളുടെ ഓർമകളും.

# A Friend

Shyamily, IX C



You are the one, always there for me,
Like a saviour in all my problems
You took my hands and made me see,
What I desire in my life

I met you as a stranger
You are the one, always there for me,
Like a saviour in all my problems
You took my hands and made me see,
What I desire in my life

I met you as a stranger
But you were the one,who helped me in danger
you set me out from my tension,
And gave me relaxation,

You took me higher
And made my life brighter
You are my bast starship,
Which takes me to the life of friendship

You are truly an extraordinary gift
A gift which is so special to me .

# കര വിരുതുകൾ



# ക്ലേര

**ഫാത്തിമ നൂരിയ, VIII.D**



മാലോഗഡ്എന്നഗ്രാമത്തിൽക്ലേരഎന്നപേരുള്ളഒരുപെൺകുട്ടി ജീവിച്ചിരുന്നു.അവൾ അതീവ സുന്ദരിയും സൽസ്വഭാവിയുമായിരുന്നു.അവൾക്ക് രണ്ട്സഹോദരിമാർ ഉണ്ട്."ബെല്ലയും" "റോസും".ഇവരും ക്ലേരയെ പോലെ സുന്ദരികളും സൽസ്വഭാവികളുമായിരുന്നു. ഇവരുടെ അച്ഛനും അമ്മയും ക്ലേര വളരെ ചെറുതായപ്പോൾ തന്നെമരണപ്പെട്ടിരുന്നു. പക്ഷെ,സഹോദരിമാർ മാതാപിതാക്കൾ ഇല്ലാത്ത ദുഖം അറിയിക്കാതെയാണവളെ വളർത്തിയത്. ഇവർ ജീവിച്ചിരുന്നത് ഇവരുടെ നാട്ടിലെ ഒരു പ്രമാണിയുടെ ആടുമാടുകളെ മേച്ചുകിട്ടുന്ന തുച്ചമായ വേതനം കൊണ്ടാണ് .എന്നാലും അവർ സങ്കടപ്പെട്ടില്ല.ഇവരുടെ ജീവിതം ഒരു കുടിലിലായിരുന്നു.

ക്ലേരക്ക് ഒരു കൂട്ടുകാരിയുണ്ടായിരുന്നു ലില്ലി. ലില്ലിയും ക്ലേരയുംഉറ്റചെങ്ങാതിമാരായിരുന്നു.അവർ രാവിലെ കണ്ട്മുട്ടും.കളിക്കും,ആടിനെമേക്കും.

അങ്ങിനെ....അങ്ങിനെ.

കാലങ്ങൾ കടന്ന്പോയി.ക്ലേര വളർന്നു വന്നു.വിവാഹപ്രായമെത്തി.അങ്ങനിരിക്കെ ഒരു ദിവസം ക്ലേര തനിച്ച് കാട്ടിൽ പോയതായിരുന്നു.അവൾ അവയെ മേച്ച് ഉൾക്കാട്ടിലെത്തി.അവൾക്ക് ചെറിയ പേടിതോന്നിത്തുടങ്ങി.അറിയാതെ അവൾ ഒരുകുഴിയിൽ പെട്ടു.അവൾ പേടിച്ചു നിലവിളിച്ചു.പക്ഷെ ആരുവരാൻ.അവൾ ഒരു പാട്നേരം കുഴിയിൽ കഴിച്ച്കൂട്ടി.സന്ധ്യആകാറായി.അവൾ കുഴിനിറയെ പരതി.വല്ല വള്ളിച്ചെടിയും കയ്യിൽ കിട്ടിയാൽ രക്ഷപ്പെടാനായിരുന്നു അത് .

അങ്ങിനെ ഒരു വള്ളിച്ചെടി അവൾക്ക് കിട്ടി.അത്അവൾക്ക് വളരെധികം പ്രയോചനപ്പെട്ടു.അതിൽ പിടിച്ച് കയറി.ഇരുട്ടായതിനാൽ അവൾ മറ്റേതോ വഴിയിലൂടെയാണ് സഞ്ചരിച്ചത്.അവൾ അതറിഞ്ഞിരുന്നില്ല.ഒടുവിൽ ഒരു വലിയമരത്തിന്റെ ചുവട്ടിലെത്തി.അവിടെ കിടന്ന്ഉറങ്ങി.

നേരം പുലർന്നു.അവൾക്ക് വിശക്കുന്നുണ്ട്.അവൾഅവിടമാകെപരതി.ഒടുവിൽഒരു മരത്തിൽനിറയെ കാട്ടുപഴങ്ങൾ കണ്ടു.അവൾ ധാരാളം പറിച്ച്കഴിച്ചു.ഒരുവലിയ ഇലയിൽ അൽപ്പം പഴംപൊതിഞ്ഞു കയ്യിൽ വെച്ചു.അങ്ങിനെ അവൾ യാത്ര തുടർന്നു.

അവൾ നടന്ന് നടന്ന് ഒരുപാട് അകലെയായി.ഒരുകൂറ്റൻ മിനാരംകണ്ടു.അകലെ ഒരു പട്ടണം ഉണ്ടെന്ന് അവൾക്ക് തോന്നി.അവൾ ധൃതി കൂട്ടിനടന്നു.നടന്ന്നടന്ന് അവൾ ഒരു ഗ്രാമത്തിലെത്തി.അവിടെ അവൾ ആടുമേക്കുന്ന ഒരു പെൺകുട്ടിയെകണ്ടു.അവളുടെ പേര് "ഫെല്ല"എന്നായിരുന്നു.അവൾ ആപെൺകുട്ടിയോട് തന്റെ നാട്ടിലേക്കുള്ളവഴി അന്വേഷിച്ചു.പക്ഷേ അവൾക്ക് അറിയില്ലായിരുന്നു.എന്നാലും ഫെല്ല അവളെ കൈവെടിഞ്ഞില്ല.ഫെല്ല അവളെ അവളുടെ പരിചയത്തിലുള്ള ഒരുമുത്തശ്ശിയുടെ വീട്ടിലെത്തിച്ചു.ഫെല്ല ക്ലേരയോട് യാത്ര പറഞ്ഞ് മടങ്ങി.മുത്തശ്ശി ക്ലേരയുടെ കഥകളെല്ലാം കേട്ടു.

മുത്തശ്ശി ക്ലേരയുടെ സൗന്ദര്യംഅവളെ കണ്ടപ്പോഴേ ശ്രദ്ധിച്ചിരുന്നു.വൃദ്ധ വഴി പറഞ്ഞ്കൊടുത്തു.പോകുന്നതിന്ന്മുമ്പ് വൃദ്ധ അവളുടെ കൈയിൽ ഒരു മോതിരം കൊടുത്തു.പക്ഷേ, അതിനെ കുറിച്ച് അവർ അവൾക്ക് ഒന്നും പറഞ്ഞ് കൊടുത്തില്ല.അവൾ ചോദിച്ചതുമില്ല.അവൾ വൃദ്ധയോട് യാത്ര പറഞ്ഞ്മടങ്ങി.അപ്പോൾ അവളുടെ വസ്ത്രങ്ങൾ പിഞ്ഞിയതും അഴുക്ക്നിറഞ്ഞതുമായിരുന്നു.അവളുടെ മുടി ചിക്ക്കെട്ടിയ ചീകി വെക്കാത്ത പാറിപ്പറക്കുന്ന മുടിയായിരുന്നു. അവൾ അപ്പോൾ നിനച്ചു.ഞാൻ ഒന്ന് വൃത്തിയായിരുന്നെങ്കിൽ!.അങ്ങിനെ ഓരോന്ന് ചിന്തിച്ച് നടക്കുമ്പോഴാണ് അവൾ ഒരു കല്ലിൽ തടഞ്ഞ് വീണത്.അപ്പോൾ അവളറിയാതെ ആ മോതിരത്തിൽ അവളുടെ കൈ സ്പർശിച്ചു.

അത്ഭുതമെന്നുപറയട്ടെ!അവളുടെ വസ്ത്രം പുതിയ മിന്നിത്തിളങ്ങുന്ന വസ്ത്രമായിമാറി.അവൾ ആകെ ആശയക്കുഴപ്പത്തിലായി.എന്താണ് സംഭവിച്ചത്! അവൾ വളരെ സന്തോഷവതിയാണ്.അവൾമറ്റൊന്നും ചിന്തിക്കാതെ യാത്ര തുടർന്നു.അങ്ങിനെ അവൾ വീണ്ടും കാട്ടിലെത്തി.കാട്ടിലൂടെ സഞ്ചരിക്കുകയാണ്.അപ്പോഴേക്കും മോതിരത്തിന്റെ മാന്ത്രിക ശക്തി അവൾ മനസ്സിലാക്കിയിരുന്നു.കുറച്ച് ദൂരം സഞ്ചരിച്ചപ്പോൾ അവളൊരു ശബ്ദം കേൾക്കാനിടയായി.ഉടൻ തന്നെ അവൾ ആ മോതിരം തൊട്ട്കൊണ്ട് മനസ്സിൽ കരുതി. "അത്മനുഷ്യരായിരിക്കണെ”.

അവൾ നടന്നു.ദൂരെയായി കുറച്ച് മനുഷ്യരെയും കുതിരകളെയും കണ്ടു.അവൾ നടന്ന് നടന്ന് അവർക്കരികിലെത്തി.അത് മുത്തശ്ശിയുടെ നാട്ടിലെ രാജകുമാരനും പരിവാരങ്ങളും ആയിരുന്നു.അവർവേട്ടക്ക് വന്നതായിരുന്നു.രാജകുമാരൻ ക്ലേരയെ ഇമവെട്ടാതെ നോക്കി നിന്നു.കുമാരൻ ചോദിച്ചു നിന്റെ പേര് എന്താണ്.? അവൾ ഒരിളം പുഞ്ചിരിയോടെ പറഞ്ഞു : ക്ലേര വന്നപ്പോൾ രാജകുമാരൻ പറഞ്ഞു: ഞാൻ നിന്നെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു. നിനക്കു സമ്മതമാണെങ്കിൽ ...... രാജകുമാരൻ ഒന്നു നിർത്തി .

ക്ലേര നാണത്തോടെ മുഖം തിരിച്ചു. കുമാരനോട് അവൾ അവളെ വീട്ടിലെത്തിക്കാൻ

ആവിശ്യപ്പെട്ടു . കുമാരൻ സമ്മതിച്ചു . അങ്ങനെ അവർയാത്ര തുടർന്നു .....

യാത്രക്കിടയിൽ അവർ ഒരു വെളിച്ചം കാണാനിടയായി അവർ അതിനെ ലക്ഷ്യം വച്ചുനടന്നു. നടന്ന് നടന്ന് അവർ എത്തിയത് ഒരു ഗുഹക്കുമുന്നിലാണ്. ആ ഗുഹയിൽ നിന്നുമാണ് ആ പ്രകാശം വരുന്നത് . അവൾ ആ ഗുഹക്കകത്തേക്കു പ്രവേശിച്ചു . അപ്പോൾ കൂടെയുള്ള ഭടൻമാരെ കാണുന്നില്ല.ക്ലേരയും കുമാരനും കൈക്കോർത്തു പിടിച്ചിരുന്നു. ഭടൻമാരെ കാണാതായതോടെ എന്തോ മാന്ത്രിക ഗുഹയാണെന്ന് അവർ മനസ്സിലാക്കി. അവർ മുന്നോട്ടു നടന്നു. അതാ.... അവിടെ ഞങ്ങൾ കണ്ട പ്രകാശം . കുമാരൻ ഒരു കൈക്കോണ്ട് എടുക്കാൻ നോക്കി . കഴിയുന്നില്ല ക്ലേര ശ്രമിച്ചു . അവൾക്ക് കൈയിൽ കിട്ടി .

അവൾ ആപ്രകാശത്തെ ഒന്ന് തടവി. അത്ഭുതം അതിൽ തന്റെ ഫെല്ലയുടെയും മുത്തശ്ശിയുടെയും ചിത്രം തെളിഞ്ഞുവന്നിരിക്കുന്നു. അവർ ഒരേ സ്വരത്തിൽ ക്ലേരയോട് പറഞ്ഞു തുടങ്ങി .

ക്ലേരാ ഞങ്ങൾ ഈ വനത്തിലെ വനരാക്ഷസന്റെ കെണിയിലാണ്. നിന്റെ കൈയിലുള്ള മോതിരമാണ്  അവന്റെ ലക്ഷ്യം. ആ ഗുഹയിൽ നിന്നും നീ രാജകുമാരന്റെ കൈ വിടരുത്. വിട്ടാൽ കുമാരനും രാക്ഷസന്റെ കെണിയിലാവും. ഭടൻമാരും ഇവന്റെ കെണിയിലാണ്. മോതിരത്തിന്റെ കൂടെയുള്ളവരെ രാക്ഷസന് പിടിക്കാൻ കഴിയില്ല. ആ മോതിരം കൈയിലുണ്ടെങ്കിൽ അവന് ഈ ലോകം  അവന്റെ അതീനതയിൽ വരുത്താൻ കഴിയും . അതിന് നീ അനുവതിക്കരുത് . നിനക്ക് മാത്രമേ ഞങ്ങളെ രക്ഷിക്കാൻ കഴിയും .ആ പ്രകാശവും മോതിരവും നീ കളയരുത്.

നീ ആദ്യം ആ പ്രകാശത്തെ ഈ ഗുഹയുടെ പുറത്തുള്ള ആൽ മരത്തിന്റെ  ഇലകൾ പറിച്ച് അതിൽ പെതിയുക ശേഷം അതിന്റെ വള്ളി കൊണ്ട് കെട്ടുക ആ ആൽ മരത്തിനേ അതിനെ സംരക്ഷിക്കാൻ കഴിയും. ശേഷം അതിന്റെ അടുത്തുള്ള വഴിയിലൂടെ പോവുക കുറച്ച് സഞ്ചരിച്ചാൽ അവിടെ ഒരു ബോർഡ് കാണാം .അവിടന്നങ്ങോട്ട് വനരാക്ഷസന്റെ സ്ഥലമാണ്. അവിടെ ഒരു കൊട്ടാരം ഉണ്ടാകും നിങ്ങൾ ബോർഡിന് അപ്പുറം കടക്കുന്നതിന്

മുൻപ് പ്രകാശം പൊതിഞ്ഞ ആൽമരവള്ളിയിൽ തൊടുക അപ്പോൾ അതിൽ ഞങ്ങളെ നിനക്ക് കാണാം പെട്ടെന്ന് അവർ അപ്രത്യക്ഷരായി അങ്ങനെ അവർ പ്രകാശം പൊതിഞ്ഞ് യാത്രതുടങ്ങി ബോർഡിനടുത്ത് എത്തി ആൽ മരവള്ളിയിൽ തൊട്ടു അപ്പോൾ അവർ കണ്ട കാഴ്ച്ച അവരെ ഞെട്ടിച്ചു .

ആ കാഴ്ച്ച കണ്ട ക്ലേര കുമാരന്റെ മുഖത്തേക്ക് നോക്കി രാജകുമാരനെ കാണുന്നില്ല പിന്നെ അവൾ അവിടമാകെ തിരഞ്ഞു കുമാരനെ കാണുന്നില്ല പിന്നെ അവൾ ഒന്നും നോക്കാതെ കൊട്ടാരം ലക്ഷ്യമാക്കി ഓടി . ഓടി അവൾ കൊട്ടാരത്തിനടുത്തെത്തി അവിടെ എത്തിയതും അവൾ ബോധരഹിതയായി വീണു കണ്ണ് തുറന്നു നോക്കുമ്പോൾ അവൾ ഏതോ ഒരു മുറിയിയിൽ അകപ്പെട്ടിരിക്കുകയായിരുന്നു അവൾക്ക് താൻ വനരാകഷസന്റെ കെണിയാണെന്ന് മനസ്സിലായി വളരെ ഇരുട്ട് നിറഞ്ഞ മുറി പെട്ടെന്ന് മുറിയുടെ വാതിൽ തുറക്കപ്പെട്ടു രാക്ഷസൻ മുറിയിൽ കടന്ന് വാതിൽ അടച്ചു അവൾ പറഞ്ഞു: എന്നെ ഒന്നും ചെയ്യരുത് രാക്ഷസൻ പറഞ്ഞു :ഞാൻ നിന്നെ ഒന്നും ചെയ്യില്ല നീ ആരാണ് ഞാൻ ക്ലേര നീയും കുമാരനുമായുലള്ള ബന്ധം എന്താണ് കുമാരൻ എന്നെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു .

എന്നോട് ക്ഷമിക്കണം ഞാൻ രാജകുമാരനെ നിന്നിൽ നിന്നും അകറ്റി . പക്ഷെ കുമാരന് ഒന്നും സംഭവിച്ചിട്ടില്ല കുമാരൻ ഇപ്പോൾ കൊട്ടാരത്തിൽ സുഖ നിദ്രയിലാണ് നിങ്ങൾ എന്തിന് കുമാരനെ സുരക്ഷിതമായി കൊട്ടാരത്തിൽ എത്തിച്ചു

എനിക്ക് കുമാരന്റെ അച്ഛനോട് അതിയായ കടപ്പാടുണ്ട് ഞാൻ ഒരു കുഴിയിൽ അകപ്പെട്ട സമയം രാജാവും പരിവാരികളും കാട്ടിൽ നായാട്ടിനു വന്നിരുന്നു. അദ്ധേഹം എന്നെ കുഴിയിൽ കാണാനിടയായി . ആ വലിയ കുഴിയിൽ നിന്നും എന്നെ രക്ഷിച്ചത് അദ്ധേഹമാണ്. ങേ ഇത്രയും വലിയ നിങ്ങൾ എങ്ങനെ കുഴിയിൽ അകപ്പെട്ടു ? അതെ അതാണു ഞാൻ നിന്നോട് പറയാൻ ഉദ്ധേശിക്കുന്നത് എന്റെ ഭാര്യയെ ഈകാടിനു തൊട്ടപ്പുറമുള്ള കാട്ടിലെ രാക്ഷസൻ തട്ടികൊണ്ടുപോയി. എന്നെ കെണിയിലാക്കാൻ അവൻ കുഴിച്ചക്കുഴിയാണിത് എനിക്ക് എന്റെ ഭാര്യയെ രക്ഷിക്കണം അതിന് എനിക്ക് സ്വയം കഴിയില്ല .എനിക്കൊരു

സുഹൃർത്ത് ഇല്ല . അങ്ങനെ ഒരാളുണ്ടായിരുന്നെന്കിൽ എനിക്കവളെ രക്ഷിക്കാമായിരുന്നു .

അവളെ രക്ഷിക്കാനുള്ള പാഠവഴികൾ ചിന്തിച്ച് ചിന്തിച്ച് ഞാൻ ഒരു ഗുഹക്കുമുന്നിലെത്തി അതിൽ ഒരു പ്രകാശം കണ്ട് ഗുഹക്കുള്ളിലേക്ക് കൈകൾ നീട്ടി ഞാൻ ആ പ്രകാശം എടുത്തു അതിലേക്ക് സൂക്ഷിച്ച് നോക്കിയപ്പോൾ അതിൽ ഞാൻ ഒരു കുറിപ്പ് കണ്ടു അത് ഇങ്ങനെയായിരുന്നു ഈ ഭൂമിയിൽ ഒരു മോതിരമുണ്ട് ആ മോതിരം ചേലായി രാജ്യത്തെ ഒരു മുത്തശ്ശിയുടെ കൈയിലാണ്. ആ മുത്തശ്ശിയുടെ കണ്ണുകൾ ചുകന്നതായിരിക്കും മുത്തശ്ശിയുടെ കൈയിലുള്ള വടിയും ചുവന്നതായിരിക്കും. ഈ മോതിരം കൈയിലുള്ളവന്റെ അധീനതയിലായിരിക്കും ഈ ലോകം അത് കൈയിലുള്ളവർക്ക് എന്തും ചെയ്യാൻ കഴിയും ആ മുത്തശ്ശിക്കും പേരക്കുട്ടിക്കും മാത്രമാണ് ഇതിനെ കുറിച്ച് അറിയാവുക പേരക്കുട്ടിയുടെ പേര് ഫെല്ല എന്നായിരിക്കും. പിന്നെ മൊതിരത്തെ കുറിച്ചുള്ള ചില വിവരങ്ങളും ഉണ്ടായിരുന്നു.

ഞാൻ ഇപ്പോയും ഒരു കാര്യം ഓർത്തു ദുഖിക്കുന്നു എല്ലാവരും എന്നെ ദുഷ്ട്നായിട്ടാണ് കാണുന്നത് ഞാൻ എന്റെ മുത്തശ്ശിയെയും ഫെല്ലയെയും എന്റെ അധീനതയിൽ വരുത്തി.പക്ഷെ അവരുടെ കയ്യിൽ മോതിരം ഇല്ലാതിരുന്നു. ഞാൻ നിരാശനാണ് എനിക്ക് എങ്ങനെയെങ്കിലും അവളെ രക്ഷിക്കണം ശേഷം ഞാൻ മോതിരം അവർക്ക് തിരികെ നൽകും അതെനിക്കുറപ്പാണ് രാക്ഷസാ ഞാൻ നിന്റെ കതനകഥയിൽ മനസ്സലിഞ്ഞുനിൽക്കുന്നു.

ഞാൻ നിന്നോട് ഒരു കാര്യം ചോദിക്കുന്നു നീ സത്യം മാത്രമേ പറയാവൂ തീർച്ചയായും രാക്ഷസൻ പറഞ്ഞു.ക്ലേര ചോദിച്ചു നിന്റെ ലക്ഷ്യം നിന്റെ ഭാര്യയെ രക്ഷിക്കുക എന്നത് മാത്രമാണോ? അല്ലെങ്കിൽ വല്ല അത്യാഗ്രഹമാണോ?

ഒരിക്കലുമല്ല എനിക്കെന്റെ ഭാര്യയെ തിരിച്ചുകിട്ടണം അതുമാത്രമാണ് സത്യമാണല്ലൊ അല്ലെ ?

എന്നാൽ ഞാനൊരു കാര്യം പറയാം ആ മോതിരം എന്റെ കൈയ്യില്ലാണ് എനിക്ക് നിന്നെ രക്ഷിക്കാനാവും പക്ഷെ നീ ഫെല്ലയെയും മുത്തശ്ശിയെയും മോചിപ്പിക്കണം ക്ലേര തനിക്ക് മോതിരം കൈക്കൊണ്ട കഥ മുഴുവൻ വിവരിച്ചു ക്ലേര പറഞ്ഞു: ആദ്യം ഞങ്ങൾ

കുമാരനെ കാണട്ടെ ശേഷം തീർച്ചയായും ഞങ്ങ-ൾ ഇവിടെ വരും കുമാരൻ പോയിട്ട് അപ്പോഴേക്കും മൂന്ന് ദിവസങ്ങൾ കഴിഞ്ഞിരുന്നു അവർ രാക്ഷസനോട് യാത്ര പറഞ്ഞ് നടന്നു

നീങ്ങി കുമാരന്റെ നാട്ടിലെത്തി കൊട്ടാരത്തിലേക്ക് നടന്നു അപ്പോൾ അവർ കുമാരനെ അവിടെ തോഴൻമാരുമൊത്ത് കാണാനിടയായി കുമാരനും ക്ലേരയും ഓടിയടുത്തു പിന്നെ യാണവൾ കൊട്ടാരം ശ്രദ്ധിയച്ചത് കൊട്ടാരമാകെ അലങ്കരിച്ചിരിക്കുന്നു.

ക്ലേര ചോദിച്ചു എന്താ വിശേഷിച്ച് കുമാരൻ മനസ്സില്ലാ മനസ്സോടെപറഞ്ഞു :വരുന്ന 7ാം നാൾ എന്റെ വിവാഹമാണ് ക്ലേരയുടെ മുഖംവിവർണമായി കുമാരൻ പറഞ്ഞു: നീ വരുമെന്ന് പ്രതീക്ഷിത്തിരുന്നില്ല ഞാൻ ഇന്ന് തന്നെ അച്ഛനോട് നിന്നെ സംബന്ധിച്ച് പറയും

എന്റെ കൂടെ വരൂ അങ്ങനെ അവർ രാജാമവിന് മുൻപിലെത്തി. കുമാരൻ ക്ലേര കുറിച്ച് രാജാവിനോട് പറഞ്ഞു എന്നാൽ രാക്ഷസനെ കുറിച്ചോ പ്രകാശത്ത കുറിച്ചോ ഒന്നും പറഞ്ഞില്ല. രാജാവിന് താൻ  കണ്ടു വച്ച  ഇണയെക്കാൾ മകന് യോച്ചത് ക്ലേരയാണെന്ന് മനസ്സിലായി.

രാജാവ് ദൂതൻ മാർ വഴി വധുവിന്റെ  വിട്ടുകാരെ വിവരമറിയിച്ചു. ശേഷം  കുമാരനും ക്ലേരയാണെന്ന് മനസ്സിലായി . ക്ലേരയും ഫെല്ലയും മുത്തശ്ശിയും പരിവാരങ്ങളും ക്ലേരയുടെ വീട്ടിലേക്ക് യാത്രയായി. ക്ലേരയുടെ വീട്ടിലെത്തി. വീട്ടുമുറ്റത്തെത്താത്തതിന്റെ സഹോദരിമാർ. അവർസന്തോഷം മൂത്ത് ഓടിയണഞ്ഞു. പരസ്പരം ആലിംഗനം ചെയ്ത് മുത്തങ്ങളർപിചു.

ഈ  സന്തോഷനിമിഷങ്ങൾ നോക്കികാണുകയാണ് കുമാരനും പരിവാരങ്ങളും. പെട്ടന്ന് കുമാരന്റെ ശ്രദ്ധതൊട്ടടുത്ത വീട്ടുമുറവത്തെത്തി. അവിടെയതാ തന്റെ പഴയവധു. അതെ , ലില്ലി യായിരുന്നു അത്. പക്ഷെ,ലില്ലിനിരാശയല്ല. കാരണം , താൻ ജീവനുതുല്ല്യം സ്നേഹികുന്ന ക്ലേരയാണ്  കുമാരന് വധുവുമായെത്തിയത്. ക്ലേര പിന്നെ ലില്ലിയുടെ അടുത്തേക്കാണ് എത്തിയത് അവർ ആലിംഗനം ചെയ്തു. പരസ്പരം വിശേഷങ്ങൾ ചോദിച്ചു . ശേഷം ക്ലെര ലില്ലിയെ വിവാഹത്തിന് ക്ഷണിച്ചു . ക്ലെരക്ക് ലില്ലിയായിരുന്നു

കുമാരന്റെ ആദ്യവധുവെന്ന് മനസ്സിലായിരുന്നു.

ഇപ്പോൾ അടുത്ത വനത്തിലെ രാക്ഷസനിലെ നിന്നും അവർ അവർസുരക്ഷിതരാണ്. അങ്ങനെ  അനർ അടുത്തവനത്തിലെത്തി. ഘരുടൻ എന്നഅടുത്ത വനത്തിലെ രാക്ഷസൻ മയക്കത്തിലായിരുന്നു. അതിനാൽ രാക്ഷസിയെ അവർ പെട്ടന്ന രക്ഷിച്ചു.

അവർ അവരുടെ വനത്തിലെത്തിയതും ഘരുടൻ ഉർന്നു. അവൻ കോപം കൊണ്ട് ജ്വലിച്ചു.അവൻ അടുത്തവനത്തിലേക്ക് ഓടി. ഇങ്ങനെ സംഭവിക്കുമെന്ന് ഇവർ മുൻക്കൂട്ടി കണ്ടതിനാൽ ഘരുടനുവേണ്ടി വലിയൊരും കുഴി തയ്യാറാക്കിയിരുന്നു. അതിനാൽ കല്ലും, മുള്ളും തേനീച്ച കൂടും ഉറപ്പുകളും,പുഴക്കളുമെല്ലാം ഇട്ടിരുന്നു. ഘരുടൻ അതിൽ വീണ് നിലവിളിച്ചു. പക്ഷേ ആ നിലവിളി കാറ്റിൽ വായുവിൽ പരന്നതല്ലാതെ ആരും കേട്ടില്ല. പിന്നീടുള്ളകാലം രാക്ഷസനും രാക്ഷസിയും, ക്ലേരയും, കുമാരനും,ഫെല്ലയും, മുത്തശ്ശിയും ക്ലേരയുടെസഹോദരികളും സന്തോഷത്തോടെ ജീവിതം നയിച്ചു.

# MA NATURE

*Najla, VIII.A*

*Nature is my greenish*
*world*
*Nature is my gift of god*
*The flower grew*
*towards her light*
*the river called her*
*name at night*
*Nature is everywhere*
*Nature is everywhere*



*you go*
*Nature is beautiful in every way*
*wonderful exacting and need our care*
*you the light*
*you the night*
*you the rain*
*you the breeze*
*The best  all of nature*
*the best is nature*
*Ma colourful world*
*Ma nature*

# <u>PATH OF LIFE</u>

MUHAMMED SINAN 9.A



*We are also one*
*see that also dream*
*forget any mistake*
*so keep truth of the smile*
*life is very short*
*so,break silly rule*

*Forgive every one*
*keep mercy*
*love truly*
*believe is your self*
*swim in your own direction*
*never avoid anything that*
*makes your smile*
*fight for truth*

# ശാസ്ത്രമേള



# പഠന യാത്ര





# പ്രളയം

ഹരികൃഷ്ണദാസ്, 9.C

ഈ നാടിനിതെന്തു പറ്റി ചിലയിടത്ത്
മണ്ണിടിച്ചിൽ ചിലയിടത്ത് കുന്നിടിച്ചിൽ
എന്നിട്ടും പഠിക്കാത്തതെന്തേ.. ഈ നാട്
എഏറെ ജീവനും കൊണ്ടു പോയി പ്രളയം
പ്രകൃതിയുടെ ഈകോപങ്ങൾ എന്നടങ്ങും
മനുഷ്യന്റെ ഈ ക്രൂരതകൾ എന്നടങ്ങും
മനുഷ്യരാശിക്ക് സ്വപ്നം കാണാൻ
പറ്റുമോനല്ലൊരു നാളെ
ദൈവത്തിന്റെ സ്വന്തം നാട്
നാം അറിയാതെ ചെകുത്താന്റെ
നാടായി മാറുന്നു
നാടിനെ കുട്ടിചോറാക്കാൻ
നമ്മൾ ഒരു കാരണം
നല്ലൊരു നാളെക്കായി നമുക്ക്
ഒന്നിക്കാം നമ്മുക്ക് പ്രാർത്ഥിക്കാം



# MOTHER

Shyamily, IX C




The first hug to me,

The first one I see

You gave me birth

And made me a part of this earth

You held my hands

And gave me confidence

You stood behind me

And guide my way

Your love made me

And my life brighter

I love you mom

For your support

Power,guidance,strength

And for your each love towards me..

# ദേ....ബട്ടർഫ്ളൈസ്...

റിയാ റോഷന്

ഞങ്ങളുടെ കാത്തിരിപ്പിന് അന്ത്യം കുറിച്ച് കൊണ്ട് ഞങ്ങളുടെ ജി.എം.എച്ച്.എസ് രാരോത്തിലെ പഠനയാത്ര ആകാംക്ഷയോടെയും പ്രതീക്ഷയോടെയും ബട്ടർഫ്ളൈസിലേക്ക്കുതിച്ചു. എല്ലാവരും സന്തോഷത്തിലാണ്.വിട്ടുകാരുടെ യാത്രയയപ്പും കഴിഞ്ഞ് ആ തണുത്ത് രാത്രിയിൽ ഇവിടെ ഞങ്ങടെ യാത്ര തുടരുകയാണ് .ഇന്ന് ആർക്കും ഉറക്കമില്ല. ബസ്സിലെ സീറ്റ് ആർക്കും വേണ്ട തളർച്ചയില്ല . എല്ലാവരും തന്നിലുള്ള ശ്രദ്ധയെപാട്ടിലേക്ക് തിരിപ്പിച്ചു. ഒരു വിടവ് പോലുമില്ലാതെ എന്തൊക്കെയൊ കളിച്ചുകൂട്ടുന്നുണ്ട് കൂട്ടുകാർ കുറെ ചവിട്ടും, കുത്തും,അതിനും ഒരു രസമുണ്ട്. യാത്രയിൽ ഉള്ള ക്ഷീണിപ്പ്അനുഭവപ്പെട്ടില്ല.

രാവിലെ കൊടൈക്കനാലിലേക്കുള്ള വഴിയിൽ ഒരു ചെറിയ വെള്ളച്ചാട്ടമുണ്ട് അവിടെ നിന്ന് കുറെ സെൽഫിയുംകുറെ തമാശകളും. നാട്ടിലുള്ള ചൂട് അനുഭവിച്ച് എത്തിയത് ഒരു

തണ്പ്പ് മലയിൽ കഠിന തണുപ്പ് എല്ലാവരും ജാക്കറ്റിനുള്ളിലായിരുന്നു. അവിടെ നിന്ന് നേരെ റൂമെടുക്കാൻ പോയി ഹോട്ടലിൽമഹാരാജാസ് അത് വഴരെ നല്ല അനുഭവമായിരുന്നു. വെള്ളത്തിന്റെ തണുപ്പിൽ മരവിച്ച് പോവുന്ന ശരീരത്തിന് സ്വാന്തനം എന്നപ്പോലെ ചൂടു വെള്ളം പിന്നെ ആരും തണുത്തത് സ്പർശിച്ചത് പോലുമില്ലാ. അവിടെ നിന്നുള്ള ഭക്ഷണക്കിന് ശേഷം പൈൻവാലി പില്ലർ റോക്സ്. അങ്ങനെയുള്ള പ്രകൃതി രമണീയമായ സ്ഥലം.

സൂയിസയ്ഡ് പോയന്റ് അതായിരുന്നു വളരെ രസകരവും ആസ്വാദകരവുമായി തോന്നിയത് മേഘങ്ങൾ തലക്കുമീതെ നീങ്ങിക്കളിക്കുന്നു. പിടിക്കാൻ പറ്റുന്ന പാകം അപ്പോഴാണ് മനസ്സിലായത്.ഞങ്ങൾ വളരെ ഉയരത്തിലാണ് എന്നുള്ള കാര്യം. പിന്നെ രാത്രിവരെയുള്ള തമാശകൾ അതിനിടയിലുള്ള സൈക്കിൾ റൈഡിംഗ്. അത് ആൺ കുട്ടികൾക്ക് മാത്രമേ അനുവദിച്ചിരുന്നുള്ളുവെങ്കിലും ഞങ്ങൾ രണ്ടു പേർ മുന്നിട്ടു അതു കഴിഞ്ഞ് നേരെ റൂമിലേക്ക് തണുപ്പ് കാരണം എല്ലാവരും മരവിച്ചത് പോലെ ആയി കഴിഞ്ഞു ഞങ്ങൾക്ക്

5 പേർക്കായി അവിടെ റൂമ് കിട്ടി. അവിടെ നിന്ന് ഫ്രഷ് ആയിനേരെ ഫുഡ് കഴിക്കാൻ അവിടുന്ന് കുറേ അകത്താക്കി വീണ്ടും റൂമിലേക്ക് ജാക്കറ്റില്ലാതെ ഒന്നു നടക്കാൻ പോലും കഴിയാത്ത അവസ്ഥ. ഞങ്ങൽ5 പേരും ജാക്കറ്റിന്റെയും,പുതപ്പിന്റെയും ഉള്ളിൽ തമാശപറഞ്ഞും ചിരിച്ചുകൊണ്ടും ഉറങ്ങി. രാവിലെ നേരെത്തെ എഴുന്നേൽക്കണം അതിനാൽ അലാറം വെച്ചുകൊണ്ട് ഉറങ്ങി. അതുപോലതന്നെ ഉണരാനം സമയമായി

വേഗത്തിൽ തന്നെ എല്ലാവരും റെഡിയായി. ഇത് അവസാനത്തെ ഹോട്ടൽ മഹാരാജയിൽ നിന്നുള്ള ദിവസമായിരുന്നു. ഉറക്കത്തിലെന്നപ്പോലെ കിട്ടിയതൊക്കെ എടുത്ത് ബസ്സിലേക്ക് കയറി. പിന്നെ എന്റെ പ്രാർത്ഥനയും പിന്നെ ഉറ്റ ഉറക്കവും. പിന്നെ രാവിലെയാണ് എല്ലാവരും

പതുക്കെ ,പതുക്കെ ഉറക്കത്തിൽ ഒരോരുത്തരായി തലപൊന്തിച്ചു. ഇനി ഞങ്ങളുടെ യാത്ര രാമേശ്വരത്തേക്ക് കുറെ കിലോമീറ്റർ ഉണ്ട് ഇനിയും പിന്നിടാൻ കുറെ കളിച്ചും,രസിച്ചും കൊണ്ട്ഉച്ചയാക്കി. ഒരു ഹോട്ടലിൽ ഇറങ്ങി ഭക്ഷണം കഴിച്ചു. പിന്നെയുംയാത്ര പിന്നെ എത്തിച്ചേർന്നത് പാമ്പൻ പാലത്തിലാണ്

ഏറ്റവും വലിയ പാലം അതിലൂടെ പോവുന്ന ട്രെയിനിനായി കാത്തു നിന്നു ആ കാഴ്ച്ചക്ക് ശേഷം ഞങ്ങൽക്ക് ബസ്സ് മാറി കേറേണ്ടി വന്നു രണ്ട് ബസ്സായി മാറി. മൽസരം എന്നപ്പോലെ രാമേശ്വരംകടൽത്തീരത്തേക്കായിരുന്നു. അവിടെയുള്ള കളിക്കൊട്ടുവിൽ ലോകത്തിലെ മിസ്സെയിൽ മാൻ എന്നറിയപ്പെടുന്ന എ.പി. ജെ അബദുൽ കലമിന്റെ വീട്ടിലേക്ക് അവിടെവെച്ചുക്കൊണ്ട് ആദ്യമായി

ഭാരതയും മറ്റ അമൂല്യമായ അവാർഡുകൾ നേരിട്ടുകാണാനിടയായി. ഇതു ഞങ്ങളുടെ അവസാനത്തേ സ്ഥലം. ഇവിടെ നിന്നു തീരുകയാണ് 2018 ലെ യാത്ര നടന്ന സന്തോഷങ്ങളും, തമാശകളും

ആലോചിച്ചു കൊണ്ട് സീറ്റിൽ തലചാരിയതെയുള്ളു ഉറങ്ങിപ്പോയി ... ജീവിതത്തിലെ വളരെ നല്ലഅനുഭവമായിരുന്നു ഈ യാത്രയിൽ നിന്നു ലഭിച്ചത്.



# കൂട്ടുകാർ


കദീജ സന

ഇലകൾ പച്ചയായ് പൂവോ മഞ്ഞയായ്
ഞാനും നീയും ഒത്തുകൂടുക
മാനം നിറയാളുവെള്ളി നിറവുമായ്
എൻ സ്വപ്നം നിൻ സ്വപ്നം പൂവിടാൻ പോരുമോ
എന്തിനിത്ര കോപമെന്ന് ചോദിക്കാൻ പറ്റുമോ
ചോദിക്കാൻ നിൻ മുഖം വാടിവീഴുമോ
പുഴയൊഴുകി കടലൊഴുകി കരയിൽ ഞാൻ നിൽക്കവെ
ആ സ്വപ്നം ഈ സ്വപ്നം സാധ്യമാകുമോ

[ഇലകൾ]

# പ്രഭാതം

കദീജ സന 10.B



ഇരുട്ടിനോട് വഴക്കിട്ടാണ്

പ്രഭാതം വിരുന്നെത്തുന്നത്

പ്രഭാതിൽ സൂര്യനെ നോക്കിയാൽ

തിളങ്ങുന്ന മുഖം കാണാം

ഇന്നലെ രാത്രി ഇരുട്ടിനോട്

നടത്തിയ സംഘടനത്തിൽ

അവിടവിടങ്ങളായി മുറിപ്പാട്ടുകൾ

കണാം

അപ്പോഴും പ്രഭാതമേനീ

ഇരുട്ടുനെ സ്നേ്ഹിക്കുകയില്ലാ

ഇരുട്ടിൽ പുതച്ചുറങ്ങി

രാവിലെ

# THE NATURE WAS

Sherin Muhammed, VIII A

The beauty of world was speechless
The world was divine .
The sphere was seraphic
The earth was ethereal

it is only 'was'.
if it were 'is'.

It wouldn’t be a disaster
now.....
The beauty only a little.
greenery is rare

The world is threatened by our mistakes
we are only the accountable souls.
we should have done something for
youngsters.
at least ,oxygen.

# കാടിന്റെ കണ്ണനീർ

**SHYAMILY,9C**



കാനനമേ നീയല്ലോ ഭൂമിയിൽ

ആത്മാവ്

അമൃതമാം ജലം മഴയായി

പൊഴിയും പലാഴി നീ,

അനുഷ്ടുപ്പിലാദ്യ കാവ്യം പിറന്നു

നിൻ മടിത്തട്ടിൽ

മഞ്ഞുതുള്ളി ദ്രുക്കം പൂൽക്കൊടി

തൊട്ടാകാശം തൊടും വൻകാടു

വൃക്ഷങ്ങളെയും

പോറ്റിനി അമ്മേ

നിനക്കെൻസാഷ്ടാംഗ പ്രണാമം

കായ്കനികൾ തന്നു നീ പോറ്റിയ ഞാൻ തന്നെ

നിൻ അന്തകനായിമാറി ബലികൊടുക്കത്തു കാലനു

ഞനെൻ കൂടപ്പിറപ്പുകളെയും

നിൻ ഹൃദയത്തിലെ വാത്സല്യം നോക്കാതെ

ഏതോ മരിചിക കണ്ണിൽപ്പെട്ട് പായുന്ന മൂഢതാം ഞാൻ

പെറ്റമ്മതൻ ഗർഭപാത്രം വിൽക്കുമീ കലികാലത്തിൽ

ഭൂമിതൻതറവാട് മുടിക്കുന്നതിലെന്താത്ഭുതം.

# വിജയോത്സവം











# പ്രണയവർണ്ണ കിളി

SHYAMILY. 9C

വർണ്ണ ചിറകുമായി നീ
പറന്നു പോകുന്നത് എന്നും
നോക്കി നിൽക്കും ഞാൻ
നീ എവിടേക്ക് പോക്കുന്നു ?
എവിടെ നിന്ന് വരുന്നു?
അറിയാൻ ആശയേറെ
യുണ്ടെൻ പൈങ്കിളിയേ
നിൽക്കും ഞാൻ
നിന്നോടുള്ള പ്രണയം പറയാൻ
കാത്തുനിൽക്കട്ടെ ഞാൻ
ആകാശഗോപുരത്തിൽ നീ ഉയരുമ്പോൾ
നിൻ മനോഹരചിറകുകൾക്ക്
ആയിരിക്കട്ടെ ഞാൻ?
നിൻ ഓർമകൾ മിന്നിമറയും മനസ്സോടെ
നിന്നോടൊത്ത് പറന്നുയരാൻ
കൊത്ക്കുന്ന ഞാൻ എന്നും
കാത്തിരിക്കുന്നു ഞാൻ എന്നും

# UNFORGETTABLE MEMORIES

MUHAMMED ALI, 9B

In the classroom,
I' m alone
teachers are adorable,
and, classmates are adroit,

I' m afar from them,
I thought,
I; m nothing,
but !

The teacher came to me,
with a pleasant mind,
she helped me,

In all the ways
now, I' m something,
with her encouragement,

I became zealous,
she amend me
in my mind
she impressed me
i shared happiness
everything......

day runs faster
she left me.....
I still remember
the spirit and courage of you
made me to acme
which is an -
unforgettable memories..........

# അമൃതം ചൊരിയുന്ന അമ്മ

നിയാ ജെബിൻ 9.B

അമ്മ മനസ്സേ നിൻ മടിയിൽ കിടക്കുമ്പോൾ
ആശ്വാസത്തിനതിരില്ലാ..
അമ്മക്കയിലെ നിൻ മടിയിൽ കിടക്കുമ്പോൾ
ആഹ്ലാദത്തിനതിരില്ലാ...
സന്ധ്യക്ക് പൂനിലാവുണ്ടായി തീരുന്നതമ്മിഞ്ഞ
പാലിൽ നിന്നാണല്ലോ..
അമ്മേ, അമ്മേ എന്നെ കാണാൻ
കൊതിയായി ഒൻപതു മാസം
ചുമന്നില്ലേ..
കാണാൻ കൊതിയായി ത്യാഗംസഹി-
ച്ചെന്നെ വല്ലാതെയായ് കാണാൻ
ആശിച്ചില്ലേ..
അമ്മതൻ ചുണ്ടിലെ മധുരത്താരാട്ട് കേൾ-
ക്കുമ്പോൾ ഉള്ളിലെന്തു സുഖം
കുഞ്ഞേ കരയല്ലേ എന്നും പറഞ്ഞിട്ട്
മധുരപ്പാലെന്നും നുകർന്നീടും
അമ്മയുടെ ചുണ്ടിൽ കാണുന്ന പുഞ്ചിരി-
പൂപോലെയെന്നും വിടർന്നിടട്ടെ.
മധുരശബ്ദത്തിലാദ്യമായ് ചൊല്ലുന്ന
വാക്കതുമെന്നും അമ്മ തന്നെ

# ലിറ്റിൽ കൈറ്റ്സ്
# എന്ത്,എന്തിന്



**മുഹമ്മദ് ബഷീർ സി.കെ**

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷം തുടക്കം കുറിച്ച കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ്". എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കിടയിൽ നിന്നും അപേക്ഷ സ്വീകരിച്ച് അഭിരുചി പരീക്ഷ നടത്തി നിശ്ചിത മാർക്ക് ലഭിക്കുന്ന കുട്ടികളിൽ നിന്നുമാണ് ഈ കൂട്ടായ്മയിലേക്കുള്ള അംഗങ്ങളെ തെരെഞ്ഞെടുക്കുന്നത്. പരമാവധി 40 അംഗങ്ങളാണ് ഒരു യൂണിറ്റിൽ ഉണ്ടാവുക. സാങ്കേതിക വിദ്യയോടുള്ളവിദ്യാർത്ഥികളുടെആഭിമുഖ്യംഗുണപരമായും സർഗാത്മകമായും വിദ്യാർത്ഥികൾക്കും,സ്കൂളിനും സമൂഹത്തിനും പ്രയോജനപ്പെടുത്തുക എന്നതാണ് ഈ കൂട്ടായ്മ്കൾ ലക്ഷ്യമിടുന്നത് .

എട്ടാം ക്ലാസിൽ നിന്നും അംഗങ്ങളെ തെരെഞ്ഞെടുക്കുന്നുണ്ടെങ്കിലും പരിശീലന പരിപാടികൾ നടക്കുന്നത് ഒൻപതാം ക്ലാസിൽ നിന്നുമാണ്. സ്കൂളുകളിലെ നിലവിലുള്ള ഐ,ടി സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെയും ചുമതല രണ്ട് അധ്യാപകർക്കാണ് നൽകുന്നത്. പുരുഷ അധ്യാപകനെ "കൈറ്റ് മാസ്റ്റർ" എന്നും വനിതാ അധ്യാപികയെ "കൈറ്റ് മിസ്ട്രസ് " എന്നുമാണ് വിളിക്കുന്നത്. ഇവർക്ക് മൊഡ്യൂളുകളിൽ കൈറ്റ് മാസ്റ്റർ ട്രൈനർമാരിലൂടെ പരിശീലനം

നൽകുകയും അത് 25 ആഴ്ച്ചകളിലൂടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സ്കൂളുകളിൽ നിന്ന് പരിശീലനം നൽകി കൊണ്ടാണ് പദ്ധതിനടപ്പാകുന്നത്.

വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കടന്ന്പോകാനുള്ള അവസരമാണ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥികൾക്ക് പരിശീലന കാലയളവിൽ ലഭിക്കുന്നത്. ഒരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രയോഗിക പരിശീലനം. അതിനൂതന സാങ്കേതിക വിദ്യകളായ ഗ്രാഫിക്സ് &ആനിമേഷൻ, മൊബൈൽ ആപ്പ്നിർമാണം,റോബോട്ടിക്ക്സ്,പോഗ്രാമിങ് &ഹാർഡ് വെയർ മുതൽ മലയാളം കമ്പ്യൂട്ടിങ്,ഇന്റർ നെറ്റ് തുടങ്ങിയ മേഖലകളിലെല്ലാംകൈറ്റസ് അംഗങ്ങൾക്ക് പരിശീലനം ലഭിക്കുന്നുണ്ട്

യൂണിറ്റ് തല പരിശീലനത്തിന് പുറമെ ഓരോ മേഖലയിലും മികവ് പുലർത്തുന്ന അംഗങ്ങൾക്ക് സബ് ജില്ലാ,ജില്ലാ,സംസ്ഥാനതല ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള അവസരവും അതു വഴി മികച്ച പരിശീലനം ലഭിക്കാനുള്ള സാഹചര്യവും സാധ്യമാകുന്നുണ്ട്.

അതി വേഗം മാറുന്ന വർത്തമാനകാലത്ത് പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും സാഹചര്യങ്ങൾക്കനുസൃതമായ അതിനൂതന വിദ്യാഭ്യാസം അവർക്ക് ലഭിക്കുന്നതിനും ഉതകുന്ന പുതുമയാർന്ന ഒരു പദ്ധതി തന്നെയാണ് "ലിറ്റിൽ കൈറ്റ്സ് " എന്നതിൽ സംശയമില്ല. അത് കൊണ്ട് തന്നെ ഈ പദ്ധതി കൂടുതൽ മികവോടയും ആസൂത്രണത്തോടെയുംമുന്നോട്ട് കൊണ്ടുപോയാൽ പൊതു വിദ്യാഭ്യാസത്തിന് വലിയ മുതൽ കൂട്ടായിരിക്കും.

# AT CRADLE OF NATURE

The Journey is too fast......
Up the hills and down the village learn move and
found a lot ......
autumn leaves different away in the cold
river giving away to summer,

The dashing sound on.....
flowing nature....
know led me up.....
wow how beauty
to hear and saw the nature......
move over
feel nature style

# കീരിയും കുഞ്ഞുങ്ങളും

ഒരു കീരിയും അതിന്റെ കുഞ്ഞുങ്ങളും വയലിന്റെ സമീപത്താണ് താമസിച്ചിരുന്നത്. വയലിൽ നെല്ലുവിളയിക്കുന്ന കാലമായപ്പോൾ തള്ളക്കീരി അതിന്റെ കുഞ്ഞുങ്ങളോട് പറഞ്ഞു: 'മക്കളെ' കൊയ്ത്തിനു സമയമായി. ഇനി മനുഷ്യരുടെ ഉപദ്രവം ഏതു സമയവും ഉണ്ടാകും. അതിനാൽ നിങ്ങൾ എപ്പോഴും കരുതിയിരിക്കണം.

ഒരു ദിവസം വൈകുന്നേരം തള്ളക്കീരി തന്റെ ക്കുഞ്ഞുങ്ങൾക്ക് തീറ്റയുമായി വന്ന അവസരത്തിൽ കുഞ്ഞങ്ങൾ പറഞ്ഞു:അമ്മോ, ഇന്ന് വയലിന്റെ ഉടമസ്ഥനും അയാളുടെ ഭാര്യയും കൂടി വന്നിരുന്നു. നെല്ല് നാളെ കൊയ്യുന്നുണ്ടെന്നു. അതിനായി അയൽക്കാരോട് പറയണമെന്നും തിരുമാനിച്ചാണ് അവർ പോയത് അത്രയല്ലേയുള്ളൂ ഭയപ്പെടാനില്ല കുഞ്ഞുങ്ങളോട് തള്ള ക്കീരി പറഞ്ഞു.

പിറ്റെ ദിവസവും ആഹാരവുമായി തിരിച്ചെത്തിയ കീരിയോട് കുഞ്ഞങ്ങൾ പറഞ്ഞു: അമ്മേ ഇന്നും അവർ വന്നിരുന്നു കൊയ്യാൻ അയൽക്കാരെ കിട്ടാത്തതിനാൽ ബന്ധുക്കളേയും കൂട്ടി നാളെ വരുമെന്നും പറഞ്ഞാണ് തിരികെ പോയത് അപ്പോഴും തള്ളക്കീരി പറഞ്ഞു: "ഭയപ്പെടാനില്ല "

മൂന്നാം ദിവസവും വൈകുന്നേരം ഇരതേടി പോയി വന്ന കീരിയോട് കുഞ്ഞങ്ങൾ പറഞ്ഞു: അവരുടെ കാര്യം എപ്പോഴും അവരവർ തന്നെ നോക്കണം. അതിനായി മറ്റുള്ളവരെ ആശ്രയിച്ചിരട്ടു കാര്യമില്ല





# വീട് സന്ദർശനം





# ഓർമ്മയിലൊരു നേർക്കാഴ്ച



വിജയ ടീച്ചർ HSA HINDI



സത്യം,സ്നേഹം,ധർമ്മം,സേവനം
കൂട്ടായ്മ ഇവ വാഴുന്നോരിടം ..
ദിനാചരണം വേണ്ട വിധത്തിൽ
ആഘോഷിക്കാൻ വെമ്പുന്നോരിടം
ജൂലായ് മുപ്പത്തൊന്നിൻ പുലരിയിൽ
വന്നണഞ്ഞേ പ്രേം ചന്ദ് ദിനം
ഹിന്ദി ക്ലബ്ബിൻ അംഗങ്ങൾ തൻ
പലപരിപാടികൾ വന്നെത്തി
പൂമ്പാറ്റകളായ് പറന്നെത്തി അവർ
പ്രശ്നോത്തരിയിൽ മുന്നേറി
പാട്ടും കവിതയും ഉപന്യാസങ്ങളും
പോസ്റ്ററുമെല്ലാം നിർമ്മിച്ചു
പോസ്റ്റർ പതിപ്പിക്കാനായിട്ടവർ
ചെന്നെത്തി ഓഫീസിൻ മുന്നിൽ
പഴയ ആവാടക കെട്ടിട ചുമരിൽ
പോസ്റ്റർ പതിച്ച് മടങ്ങിപ്പോയ്
അന്നെത്തി ആ ദുർദിനമല്ലോ-
കെട്ടിട മയ്യോ നിലംപൊത്തി
പോസ്റ്റർ പതിച്ചൊരു ചുമരിൻഭാഗം
ഓരോന്നായ് വീഴുന്നയ്യോ...
ഭാഗ്യം-പള്ളിക്കൂടം വിട്ടതിൽ

വലിയ ദുരന്തം ഒഴിവായി

എത്തി ക്യാമറ..പലപല ചാനൽ

ചോദ്യങ്ങളുമായ് സ്കൂളിനുള്ളിൽ

പോറലു പോലും ഏൽക്കാതങ്ങനെ

കുരുന്നുകളെല്ലാം രക്ഷപ്പെട്ടു-
ആയതിനാലവർ നന്ദിയുമോതി

വിദ്യാലയത്തിനൊന്നൊന്നായ്..

നടുക്കം മാറാതിന്നും എന്നും

ഓരോ ദിനവും ഓർക്കുന്നു

ജൂലായ് മുപ്പത്തൊന്നിൻ ദുർദിനം

ഇന്നും ഞങ്ങൾ ഓർക്കുന്നു..

# ഉമ്മ

കദീജ സന,10B.

നിഷ്ക്കളങ്കത്തിന്റെ കളിമുറ്റത്തെ
ഓൾറൗണ്ടറാണെന്റെയുമ്മാ
കാഠിന്യമേറിയ
പെനാൽറ്റി കിക്കുകളെ
സ്നേഹത്തിന്റെ ഗോൾക്കീപ്പറാണുമ്മ
ഡൈവുകൾ കൊണ്ട്
തട്ടുത്തിട്ട ഗോൾക്കീപ്പറാണുമ്മ



തികഞ്ഞ യാതാർഥ്യങ്ങളുടെ
നെടുനീളൻ ക്രോസുകളെ
ഇടനെഞ്ചിൻ സ്വികരിച്ച
തട്ടിമാറ്റുന്ന ഡിഫൻഡറാണുമ്മ

വെല്ലു വിളികളെ
ട്രിപിൾ ചെയ്ത് മുന്നേറി
ഹൃദയത്തിന്റെ പോസ്റ്റിലേക്ക്
മഴവിൽ ഷോട്ടുകൾ ഉതിർക്കുന്ന
സറ്റാർ സ്ട്രൈക്കാറാണുമ്മ
അതെ ചങ്കാണ് ചങ്കിടിപ്പാണ്
ചങ്കിലെ തീപ്പൊരിയാണുമ്മ


Little Kites GMHS Raroth- 2018-19